# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 544 — 21/11/2019-ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികൾക്കായുള്ള 'ശ്രദ്ധ' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ.എം.ഉമ്മർ**<br>**ഡോ.എം. കെ. മുനീർ**<br>**ശ്രീ.ടി.എ.അഹമ്മദ് കബീർ** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) കുട്ടികളുടെ സാമൂഹിക, സാമ്പത്തിക, വൈകാരിക പ്രശ്നങ്ങൾ മനസ്സിലാക്കി പഠനത്തിൽ മികവ് പുലർത്താൻ കഴിയാത്ത വിദ്യാർത്ഥികളുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള 'ശ്രദ്ധ' പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2017-18 മുതൽ സംസ്ഥാനത്തു ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ശ്രദ്ധ. വ്യത്യസ്ത കാരണങ്ങൾ കൊണ്ട് പഠന പ്രയാസം നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിനായിട്ടാണ് ശ്രദ്ധ പദ്ധതി നടപ്പിലാക്കുന്നത്. 2017-18 അധ്യയന വർഷത്തിൽ 3,5,8 ക്ലാസ്സുകളിലെ കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. 2018-19 വർഷം മുതൽ 3 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേക്ക് പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. 2018-19 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ 4659 സർക്കാർ സ്കൂളുകളിലായി ഏകദേശം 1,90,000 കുട്ടികൾക്ക് ശ്രദ്ധ പദ്ധതിയുടെ ഗുണം ലഭിച്ചിട്ടുണ്ട്. പാദ വാർഷിക പരീക്ഷകളിൽ 'സി', 'ഡി' ഗ്രേഡുകൾ ലഭിച്ചിരുന്ന കുട്ടികൾക്ക് വാർഷിക പരീക്ഷയിൽ ശ്രദ്ധ പദ്ധതിയുടെ പ്രവർത്തന മികവുകൊണ്ട് 'എ', 'ബി' ഗ്രേഡുകൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2019-20 വർഷം സംസ്ഥാനത്തെ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെയും ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെയും പരിധിയിൽ നിന്നും 10 വീതം എൽ.പി/ യു.പി/ഹൈസ്കൂളുകൾ തെരഞ്ഞെടുത്ത് ആകെ 3670 സർക്കാർ സ്കൂളുകളിൽ 'ശ്രദ്ധ' നടപ്പിലാക്കുന്നതിനുള്ള പദ്ധതിയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. |

| | |
|---|---|
| (ബി) കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ ഈ പദ്ധതി പ്രകാരം കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ; | (ബി) 2017-18-ൽ 3,5,8 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന 4695 സർക്കാർ സ്കൂളുകളിലെ 1,20,000 കുട്ടികൾക്ക് ശ്രദ്ധ പദ്ധതിയുടെ ഗുണഫലം ലഭിച്ചിട്ടുണ്ട്. 2018-19-ൽ 3 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ കണ്ടെത്തി 4659 സർക്കാർ സ്കൂളുകളിലായി 1,90,000 കുട്ടികൾക്ക് പദ്ധതിയുടെ ഗുണം ലഭ്യമാക്കിയിട്ടുണ്ട്. എൽ.പി/യു.പി/ ഹൈസ്കൂൾ വിഭാഗങ്ങൾക്കായി പ്രത്യേകം മൊഡ്യൂളുകൾ തയ്യാറാക്കിയാണ് പഠന പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. കുട്ടികൾക്കായി പ്രത്യേക ഇവാലുവേഷൻ ടൂളും നിർമ്മിച്ചാണ് പഠന പുരോഗതി വിലയിരുത്തുന്നത്. പ്രീ ടെസ്റ്റ്, പോസ്റ്റ് ടെസ്റ്റ് എന്നിവയും പദ്ധതിയുടെ ഭാഗമായി നടത്തുന്നുണ്ട്. 2018-19 വർഷത്തിലെ പാദ വാർഷിക പരീക്ഷകളിൽ 'സി', 'ഡി' ഗ്രേഡുകൾ ലഭിച്ചിരുന്ന കുട്ടികൾക്ക് വാർഷിക പരീക്ഷയിൽ 'ശ്രദ്ധ' പദ്ധതിയുടെ പ്രവർത്തന മികവുകൊണ്ട് 'എ', 'ബി' ഗ്രേഡുകൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ പഠന പ്രയാസം നേരിടുന്ന കുട്ടികൾക്ക് പഠനത്തിൽ മുന്നേറ്റം നടത്താൻ ശ്രദ്ധ പദ്ധതിയിലൂടെ കഴിയുന്നുണ്ട്. |
| (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്കൂളുകളെ തിരഞ്ഞെടുക്കുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (സി) ഓരോ ഉപജില്ലയിലെയും, വിദ്യാഭ്യാസ ജില്ലയിലെയും റിസൾട്ട് കുറഞ്ഞ 10 സ്കൂളുകൾ വീതം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ കണ്ടെത്തുകയും, അത്തരം 3670 സർക്കാർ സ്കൂളുകളിൽ 'ശ്രദ്ധ' നടപ്പിലാക്കുന്നതിനുള്ള പദ്ധതിയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. |

Reena

സെക്ഷൻ ഓഫീസർ